DESPATCHED
On 30/11/21....



9/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.98(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1322/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. നൗഷാദ് ഹനീഫ്,
മാവേലിപ്പാടത്ത് വീട്,
വീട് നം. 19/2322, സംഗമം ലെയിൻ,
പെരുമ്പടപ്പ് റോഡ്,
പള്ളുരുത്തി, കൊച്ചി-682006
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ് ക്ലർക്ക് (വിവരാവകാശ സെൽ),
   ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
   ജലസേചനവും ഭരണവും, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ജോയിന്റ് സെക്രട്ടറി ടു ഗവൺമെന്റ് &
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
   ജലസേചനവും ഭരണവും, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.01.2021 |

| | |
|---|---|
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.02.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 & എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നൗഷാദ് ഹനീഫ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 11.11.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് പ്രതിമാസം ലഭ്യമാക്കുന്ന വേക്കൻസി റിപ്പോർട്ട് പ്രകാരം വിവിധ സർക്കിളുകൾ തിരിച്ച് ടി അപേക്ഷയ്ക്ക് മറുപടി നൽകുന്ന തീയതി വരെ നിലവിൽ ജലസേചന വകുപ്പിൽ ആകെ എത്ര ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവുണ്ടെന്നാണ്. ടി അപേക്ഷയിന്മേൽ 15.12.2020 ൽ മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ വിവരങ്ങൾ ലഭ്യമായില്ലെന്നു കാണിച്ച് 20.12.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ 05.02.2021 ൽ തീർപ്പാക്കിയതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി 15.03.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ വിഷയം അനുസരിച്ച് തരം തിരിച്ച് ആയതിനു മറുപടി നൽകുന്നതിനായി ബന്ധപ്പെട്ട ഭരണ വിഭാഗം എസ്.പി.ഐ.ഒ.ക്ക് 6(3) പ്രകാരം ബി-സെക്ഷനിലേക്ക് 19.11.2020 ൽ കൈമാറിയെന്നും ബി-സെക്ഷൻ ഫയലുകൾ പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരം 15.12.2020 ൽ ബി2/8641/17 നമ്പർ കത്ത് പ്രകാരം സമയബന്ധിതമായി മറുപടി നൽകിയിരുന്നുവെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 11.11.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 19.11.2020 തീയതി 6(3) പ്രകാരം ബി- സെക്ഷനിലേക്ക് കൈമാറിയത് 15.12.2020 ൽ ആയതിന് ബി- സെക്ഷൻ മറുപടി നൽകിയതായി കാണുന്നു. ടി മറുപടി ഹർജികക്ഷിക്ക് ലഭ്യമാകാത്തതിനാലാണ് ഒന്നാം അപ്പീൽ 20.12.2020 ൽ സമർപ്പിച്ചതായി കാണുന്നത്. അപ്പീൽ അധികാരി 05.02.2021 ൽ പുറപ്പെടുവിച്ച ഉത്തരവിൽ 15.12.2020 ൽ നൽകിയ മറുപടി വീണ്ടും അയച്ചു നൽകിക്കൊണ്ട് തീർപ്പാക്കിയതായി കാണുന്നു. ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി ബോധിപ്പിച്ചത് ടിയാന് വിവരങ്ങൾ ലഭ്യമായിയെന്നും എന്നാൽ രണ്ടാം അപ്പീൽ ഫയൽ ചെയ്ത ശേഷമാണ് വിവരങ്ങൾ ലഭിച്ചതെന്നുമാണ്. ഒന്നാം എതിർകക്ഷി മൊഴി നൽകിയത്, 4 അപ്പീൽ അതോറിറ്റിയും 13 എസ്.പി.ഐ.ഒ.മാരുമാണ് ടി സെക്ഷനിൽ ഉള്ളതെന്നും ഏത് അപ്പീൽ അധികാരിക്കെന്ന് RTI സെല്ലിൽ നിന്ന് അയച്ചതിനാലാണ് താമസം വന്നു പോയതെന്നുമാണ്. ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായി എങ്കിലും ലഭ്യമാക്കാൻ കാലതാമസം വന്നതിൽ പരാതി ബോധിപ്പിച്ചിരിക്കുന്നു.

ഹർജികക്ഷി രണ്ടാം അപ്പീൽ സമർപ്പിച്ച ശേഷമാണ് മറുപടി ലഭ്യമായിയെന്നാണ് കമ്മീഷനിൽ ബോധിപ്പിച്ചത്. എന്നാൽ കമ്മീഷനിൽ 23.01.2021 ലാണ് അപ്പീൽ നൽകിയത്. ആയതിന് മുമ്പ് 15.12.2020 ൽ എസ്.പി.ഐ.ഒ.യും 05.02.2021 ൽ അപ്പീൽ അധികാരിയും ടിയാന് മറുപടി അയച്ചു നൽകിയിരുന്നു എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ ആയതിന് തെളിവായി ഡെസ്പാച്ച് രേഖകളും മറ്റും കമ്മീഷനിൽ ഹാജരാക്കിയിട്ടില്ല. എന്തുതന്നെയായാലും വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറേക്കൂടി ജാഗ്രത പാലിക്കേണ്ടതാണ്. സമയബന്ധിതമായി മറുപടി അപേക്ഷകന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് എതിർകക്ഷികളെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp